

# യസിദികൾ മലയാള സാഹിത്യത്തിൽ

**ഡോ. എം. കുര്യൻ തോമസ്**

**ഇ**റാക്കിലും സിറിയായിലും ഐസിസിന്റെ ഭീകരതാണ്ഡവം ആരംഭിച്ചതോടെയാണ് *യസിദികൾ* എന്ന മത-വംശീയ ന്യനപക്ഷത്തെ ലോകമറിയുന്നത്. ഇറാക്കിൽ മാത്രം കാണപ്പെടുന്ന ഈ അതിന്യൂനപക്ഷത്തിനു യഹൂദ- ക്രിസ്ത്യൻ- ഇസ്ലാം എന്നീ സെമറ്റിക് മതങ്ങളുമായി ബന്ധമില്ല. സെരവസ്ട്രിയനിസം സ്വാധീനിച്ച പ്രാചീന മെസപ്പെട്ടോമിയൻ മതവിശ്വസമാണ് ഇവർ പിന്തുടരുന്നത്. വംശീയമായി ഇവർ കുർദ്ദുകളാണന്നു പറപ്പെടുന്നുണ്ടെങ്കിലും കുർദ്ദീഷ് സംസ്കാരവുമായി ഇവർക്ക് പറയത്തക്ക ബന്ധമൊന്നുമില്ല.

പേർഷ്യൻ ഭാഷയിൽ *യസാദാൻ* എന്ന വാക്കിന് *ആരാധിക്കാൻ യോഗ്യം* എന്നാണ് അർത്ഥം. *യാർസനിസം, ഇഷിക്കിസം* എന്നിങ്ങനെ ഇന്നു രണ്ടു ചിന്താഗതികളുണ്ടെങ്കിലും യസിദിസത്തിന്റെ അടിസ്ഥാന വിശ്വാസം ഒന്നുതന്നെയാണ്. ഭൗതീക ലോകത്തിൽനിന്നും തീർത്തും സ്വതന്ത്രമായ ഒരു ദൈവമാണ് പ്രപഞ്ചം ഭരിക്കുന്നത് എന്നാണ് യസിദി വിശ്വാസം. അദ്ദേഹമാണ് പ്രപഞ്ചത്തെ ഒരുമിച്ചു നിർത്തുന്നത്. അദ്ദേഹം ഏഴു ദൂതന്മാരിലൂടെ പ്രത്യക്ഷനാകുന്നു. *മാലേക് തൗസ്* അഥവാ *മയിൽ മാലാഖ*യാണ് ഇവരിൽ മുഖ്യം. യസിദി വേദശാസ്ത്രത്തിലെ പ്രധാന ആരാധനാ മൂർത്തിയും *മാലേക് തൗസ്* ആണ്. ഇതിൽനിന്നും അവർ മയിലിനെ ആരാധിക്കുന്നവരാണന്ന വിശ്വാസം ഇതര മതസ്ഥർക്കിടയിൽ കടന്നുകൂടി. *ബാബാ ഷെയ്ക്ക്* എന്ന സ്ഥാനിയാണ് യസിദികളുടെ മുഖ്യ പുരോഹിതനും ആത്മീയ-ലൗകീക ഭരണാധികാരിയും ന്യായാധിപനും.

തികച്ചും യാഥാസ്ഥിതികരായ യസിദികളെപ്പറ്റി പുറംലോകത്തിനു കാര്യമായ അറിവിണ്ടായിരുന്നില്ല എന്നതാണ് വാസ്തവം. അവരുടെ വ്യതിരിക്തമായ ആരാധനാ രീതികൾമൂലം *പിശാചിനെ ആരാധിക്കുന്നവർ* എന്ന രീതിയിൽ ഭയപ്പാടോടെയാണ് അന്യർ അവരെ വീക്ഷിച്ചിരുന്നത്. ഇസ്ലാമിൻ പ്രചാരണത്തോടെ വടക്കൻ ഇറാക്കിലെ അപൂർവം പോക്കറ്റുകളാലായി ഒതുങ്ങിയ യസിദികളുടെ മുഖ്യ കേന്ദ്രങ്ങളായിരുന്നു ടെൽ കെയ്ഫ് ബഷീക്കാ എന്നീ സ്ഥലങ്ങൾ.

അയൽവാസികൾക്കുപോലും അപരിചിതരരായ യസിദികൾ കുറഞ്ഞതു രണ്ടു തവണയെങ്കിലും മലയാള സഞ്ചാരസാഹിത്യത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. അവയിലൊന്നിന് ഒരു നൂറ്റാണ്ടിലധികം പഴക്കമുണ്ടന്നത് തികച്ചും കൗതുകകരമായ വാർത്തയാണ്. മെത്രാൻ സ്ഥാനം സ്വീകരിക്കുവാൻ ടർക്കിയിലെ ഡയർബക്കറിലേയ്ക്കു പോയ കുന്നംകുളം പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാരുടെ (പിന്നീട് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ മലങ്കര മെത്രാപ്പോലീത്താ) *ഒരു പരദേശയാത്രയുടെ കഥ* എന്ന യാത്രാവിവരണത്തിലാണ് യസിദികൾ മലയാള ഭാഷയിൽ ആദ്യം പരാമർശിക്കപ്പെടുന്നത്. കൊല്ലവർഷം 1038 കുംഭമാസം 27-ന് കുന്നംകുളത്തു നിന്ന് ആരംഭിച്ച് 1040 തുലാം 20-ാം തീയതി അവസാനിച്ച (1862-4) യാത്രക്കിടയിലാണ് അദ്ദേഹം യസിദികളെ കണ്ടുമുട്ടിയത്. *ഒരു പരദേശയാത്രയുടെ കഥ*യിലെ പ്രസക്ത ഭാഗം -

... (കൊല്ലവർഷം 1038) *കർക്കടകം 10-ാം തീയതി തൂറാദ് അല്പെപ്പു എന്ന ദയറാ കാണ്മാൻ നാം മെത്രാപ്പോലീത്തായോടു കൂടി പോയി. ഈ ദയറാ മാർ മത്തായി എന്ന പരിശുദ്ധന്റെ ഉപയോഗത്തിനായി പണിയിച്ചതാണ്. ഇതു മൂസലിൽ നിന്നു വടക്കുകിഴക്കു ഏകദേശം പന്ത്രണ്ടുനാഴിക ദൂരത്തിൽ ഒരു മലയിൻമേലാണ്. അതിരാവിലെ പുറപ്പെട്ടു ഒമ്പതു മണിയായപ്പോൾ ബഹശീക്കാ എന്ന പട്ടണത്തിലെത്തി. ഇവിടെ സുറിയാനിക്കാരുടെ വക ഒരു പള്ളിയും 150 കുടുംബങ്ങളുമുണ്ട്. അന്യമതസ്ഥന്മാരായി ഇവിടെ ആരുമില്ല. ദയറായോടു അടുത്തപ്പോൾ ഞങ്ങൾ ഒരു പുതിയ ജാതിക്കാരെ കണ്ടു. ഇവരുടെ പേരു ഇസ്സീദികൾ എന്നാണ്. ഇവരുടെ കൂട്ടം കിടക്കുന്നതു ദയറായ്ക്കു വടക്കുള്ള മലകളിലാണ്. പല സ്ഥലങ്ങളിലായി ഇവരുടെ വക ഏകദേശം പതിനായിരം വീടുകളോളം കാണും. ഇവർ മുസൽമാന്മാരെക്കാൾ ക്രൌര്യവും ശൗര്യവും കൂടുന്നവരാണ്. ഇവർ വന്ദിക്കുന്നതു സ്വർണ്ണംകൊണ്ടുണ്ടാക്കപ്പെട്ട ഒരു മയിലിനെയാണു. ഇതിന്റെ നേരെ ഇവർക്കുള്ള ഭക്തി അനന്യസാധാരണമാണ്. ഇവരുടെ ക്ഷേത്രത്തിൽ പൂജ കഴിക്കാനായി ഒരാളുണ്ട്. ഈ പൂജാരിയേയും ഇവർക്കു വലിയ*

*കാര്യമാണ്. ഇവർ വിഗ്രഹാരാധനക്കാരെന്നോ പിശാചിനെ വന്ദിക്കുന്നവരെന്നോ ഇവർ കേൾക്കെ ആരെങ്കിലും പറഞ്ഞാൽ നിശ്ചയമായി ഇവർ അവനെ കൊല്ലാതെ അടങ്ങുന്നതല്ല. ഇവർക്കു സുറിയാനിവൈദികന്മാരുടെ നേരെ നിഷ്ക്കപടമായ ഭക്തിയുണ്ട്. മെത്രാന്മാരുടെ അടുക്കൽ വരുമ്പോൾ ഇവർ കൈമുത്തുകയും വളരെ വണക്കത്തോടെ നിൽക്കുകയും ചെയ്യും. മറ്റു ഒരു മതക്കാരെയും ഇവർ കൂട്ടാക്കാറില്ല. ഇവരെ അന്യജാതിക്കാരിൽ നിന്നു തിരിച്ചറിയുന്നതു ഇവരുടെ ഒരു പ്രത്യേക സമ്പ്രദായത്തിലുള്ള തലപ്പാവുകൊണ്ടാണു. ഈ മാതിരി തലപ്പാവു വേറെ ആരും ധരിക്കുന്നതല്ല. ഇവരിൽ പത്തിരുപതു പേർ നമ്മെയും മെത്രാപ്പോലീത്തായെയും കാണ്മാൻ വന്നു ചില സാമാനങ്ങൾ കാഴ്ചവെക്കുകയുണ്ടായി. ...*

എഴുതപ്പെട്ട കാലം കണക്കാക്കിയാൽ മലയാള ഭാഷയിലെ രണ്ടാമത്തെ യാത്രാവിവരണമായ ഒരു *പരദേശയാത്രയുടെ കഥ* 1901–ൽ എം. പി. വർക്കി എഴുതി പ്രസിദ്ധീകരിച്ച പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ ജീവചരിത്രത്തിന്റെ ഭാഗമായാണ് ആദ്യം പ്രസിദ്ധീകരിക്കപ്പെട്ടത്. അതിനു ശേഷം എൺപതു വർഷങ്ങൾ കഴിഞ്ഞാണ് വീണ്ടും യസിദികൾ മലയാള സാഹിത്യത്തിൽ പ്രത്യക്ഷപ്പെടുന്നത്. 1970–കളിൽ ഇറാഖിലെ മൂസൂൾ മെഡിക്കൽ കോളേജിൽ മനഃശാസ്ത്ര അദ്ധ്യാപകനായിരുന്ന ഒരു മലയാളി *സൈക്കോ* എന്ന തൂലികാ നാമത്തിൽ എഴുതി 1980–ൽ പ്രസിദ്ധീകരിച്ച *യൂഫ്രട്ടീസ് ടൈഗ്രീസ് തീരങ്ങളിൽ* എന്ന യാത്രാവിവരണത്തിലാണ് ഇവരെപ്പറ്റി വീണ്ടും പരാമർശിക്കപ്പെടുന്നത്. അതിലെ പ്രസക്ത ഭാഗം –

*... മൂസൂളിൽനിന്ന് ഒരു മണിക്കൂർ കാർ യാത്രയേ ബഅ്ഷിക എന്ന സ്ഥലത്തേയ്ക്കുള്ളൂ. ഒലിവ് വൃക്ഷത്തോട്ടങ്ങൾക്കിടയിലുള്ള ഒരു ഗ്രാമമാണ് ബഅ്ഷിക. ഈ പ്രദേശത്തെ ജനങ്ങൾ പരമ്പരാഗതമായി പിശാസുക്കളെ പൂജിക്കുന്നവരാണ്. പിശാസ് എന്നർത്ഥം വരുന്ന അറബി വാക്കാണ് "ശൈതാൻ". ഈ പ്രദേശത്തുകാർ നിത്യ സംഭാഷണങ്ങളിൽപോലും "ശ" എന്ന വാക്കുപയോഗിക്കുകയില്ല. മറ്റുള്ളവർ അവരോടു സംസാരിക്കുമ്പോൾ "ശ" ഉപയോഗിക്കുന്നതവർക്കിഷ്ടവുമില്ല.*

*ഓരോ വർഷവും വസന്തകാലത്ത് ഒരഹുദിവസം ഗ്രാമോത്സവമാണ്. ഈ ദിവസം ഗ്രാമമൊരു പട്ടണമായി മാറുന്നു. എല്ലാ റോഡുകളും ബഅ്ഷികയിലേയ്ക്ക്. കാറുകളുടേയും മറ്റു വാഹനങ്ങളുടേയും ഘോഷയാത്ര. ഞങ്ങളും പുറപ്പെട്ടത് ഈ ദിനംതന്നെ. ഗ്രാമീണരായ സ്ത്രീകളും പുരുഷന്മാരും വർണ്ണപ്പകിട്ടുള്ള പുടവകളണിഞ്ഞ് വട്ടമിട്ട് തൊട്ടുരുമ്മി നൃത്തം ചവിട്ടുന്ന ദൃശ്യങ്ങളാണെല്ലായിടത്തും. നിറപ്പകിട്ടാർന്ന തലപ്പാവ് ധരിച്ച പുരുഷൻ പീപ്പിളി വായിക്കുകയും വാദ്യമേളക്കാർ "ദബ്" മുട്ടുകയും ചെയ്യുന്നതനുസരിച്ചാണീ ദബ്ക്കാ നൃത്തം. കാണികളിലാർക്കും എപ്പോൾ വേണമെങ്കിലും ഈ നൃത്തത്തിൽ പങ്കുചേരാം. മനുഷ്യവളയത്തിനടുത്തെത്തി രണ്ടുപേരുടെ കൈകൾ പിടിച്ചാൽ മാത്രം മതി. കേരളത്തിലെ നാട്ടിൻപുറങ്ങളിലുണ്ടാവുന്ന വേനൽക്കാല ഉത്സവത്തിന്റെ പ്രതീതി. ദബ്ക്കാ നൃത്തത്തിനും കൈകൊട്ടിക്കളിക്കും സാദൃശ്യമുണ്ടെന്നു തോന്നുന്നു. ...*

പത്തൊമ്പതാം നൂറ്റാണ്ടിന്റെ മൂന്നാം പാദത്തിൽ കേവലം സാമാന്യ വിദ്യാഭ്യാസം മാത്രമുണ്ടായിരുന്ന, മലയാളവും സുറിയാനിയും ലേശം ഹിന്ദുസ്ഥാനിയും മാത്രം വശമുണ്ടായിരുന്ന, പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ മെത്രാപ്പോലീത്തായുടെ വിവരണത്തേപ്പോലെ സൂക്ഷ്മാംശങ്ങൾ ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യ പാദത്തിൽ എഴുതിയ ഉന്നത വിദ്യാഭ്യാസമുള്ള അദ്ധ്യാപകനായ *സൈക്കോയുടെ* കൃതിയിൽ ഇല്ലാ എന്നതു ഖേദകരംതന്നെ. ഈ വിത്യാസം തന്നെയാണ് *ഒരു പരദേശയാത്രയുടെ കഥയെ* മലയാളത്തിലെ ലക്ഷണമൊത്ത ആദ്യ യാത്രാവിവരണഗ്രന്ഥമാക്കുന്നതും.

മലയാളിക്ക് അഭിമാനിക്കാം. ഇറാഖിനു പുറത്ത് ലോകഭാഷകളിൽ ആദ്യം യസിദികളെ അവതരിപ്പിച്ചത് മിക്കവാറും മലയാളത്തിലാവാം. അതും സൂക്ഷ്മാംശങ്ങളിൽ കാര്യമായ തെറ്റും ഊഹാപോഹങ്ങളുമില്ലാതെ!